Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 28.9.2018
*Ref: 636/KCBC/K-6/KPR/DS*

# സുപ്രീംകോടതി വിധി പ്രതിസന്ധിയുണ്ടാക്കും: കെസിബിസി

കൊച്ചി: ഐപിസി 497 വകുപ്പ് റദ്ദാക്കിക്കൊണ്ട് വിവാഹേതര ലൈംഗികബന്ധം ക്രിമിനൽ കുറ്റമല്ലാതാക്കിയ സുപ്രീംകോടതി വിധി സ്ത്രീയുടെ സ്വയംനിർണ്ണയാവകാശത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കുമാണ് ഊന്നൽ നല്കിയിരിക്കുന്നത്. പ്രത്യക്ഷത്തിൽ ഇത് സ്വാഗതാർഹവും സ്ത്രീപക്ഷ കാഴ്ചപ്പാടുകളെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. എങ്കിലും ഈ വിധി കുടുംബ-സാമൂഹിക ജീവിതങ്ങളെ കൂടുതൽ സങ്കീർണ്ണവും ക്ലേശപൂർണ്ണവുമാക്കുമോ എന്ന് ആശങ്കയുണ്ട്. വിധി ലൈംഗിക അരാജകത്വം മാത്രമല്ല കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്കും വിവാഹമോചനത്തോത് വർദ്ധിക്കുന്നതിനും വിവാഹജീവിതത്തിൽ കുഞ്ഞുങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നതിനും ഇടനല്കിയേക്കും. സ്ത്രീ-പുരുഷ ലൈംഗികബന്ധത്തിന്റെ പരമപ്രധാനലക്ഷ്യം തന്നെയായ ദാമ്പത്യസ്നേഹവും കുട്ടികൾക്ക് ജന്മം നല്കി വളർത്തലും എന്നതിനെ അവഗണിക്കുന്നതാണ് ഈ വിധി.

വിവാഹമെന്ന സ്ഥാപനത്തെ ദുർബലപ്പെടുത്തുന്ന സമീപനമാണ് കോടതിവിധിയിൽ നിഴലിക്കുന്നത്. ദമ്പതികൾ തമ്മിലുള്ള പരസ്പര വിശ്വസ്തതയും ജീവിതാവസാനംവരെ നീണ്ടുനില്ക്കുന്ന പരസ്പര സമർപ്പണവുമാണ് കുടുംബത്തിന്റെ ഐക്യത്തിനും അവിഭാജ്യതയ്ക്കും അടിസ്ഥാനം. ദമ്പതികൾ തമ്മിലുള്ള സ്നേഹം അന്യർക്കുപ്രവേശനമില്ലാത്തതും കുഞ്ഞുങ്ങളുടെ ജനനത്തിലേക്കും ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വത്തിലേക്കും അവരെ നയിക്കുന്നതുമാണ്.

വിവാഹേതര ലൈംഗികബന്ധം കുറ്റകരമല്ലാതാകുമ്പോൾ, പ്രായപൂർത്തിയായ ഏതു പുരുഷനും സ്ത്രീയും ഉഭയസമ്മതപ്രകാരം പുലർത്തുന്ന ലൈംഗികബന്ധം സാമൂഹികമായും ധാർമികമായും തെറ്റല്ല എന്ന ധാരണയുണ്ടാകും. പ്രായപൂർത്തിയായവർതമ്മിൽ ഉഭയസമ്മതപ്രകാരമുള്ള എല്ലാത്തരം ലൈംഗിക ബന്ധങ്ങളും, അതായത് വിവാഹപൂർവബന്ധം, വിവാഹേതരബന്ധം, സ്വവർഗരതി എന്നിവ അനുവദനീയമാണ് എന്ന അവസ്ഥ ലൈംഗിക അരാജകത്വത്തിനു വഴിവയ്ക്കുന്നതാണ്.

മനുഷ്യവംശത്തിന്റെ നിലനില്പിനുതന്നെ കാരണമായ ലൈംഗികത, വിവാഹം, കുടുംബം എന്നിവയെ ബാധിക്കുന്ന നിയമങ്ങൾ സമൂഹത്തിന് ധാർമ്മികമായ മാർഗ്ഗദർശനം നല്കുന്നവയല്ലെങ്കിൽ അതുണ്ടാക്കുന്ന സാമൂഹികവും ധാർമ്മികവുമായ പ്രത്യാഘാതങ്ങൾ വലുതായിരിക്കും. ഒരു കുടുംബവും സുരക്ഷിതമല്ല എന്ന സ്ഥിതിവരുന്നത് നിയമപരമായ അരക്ഷിതാവസ്ഥയുണ്ടാക്കും. ധാർമികതയിൽ അധിഷ്ഠിതമായ നിയമമാണ് ഉത്തമമായ നിയമം. നിയമവും ധാർമ്മികതയും രണ്ടുവഴിക്കു നീങ്ങുന്നത് ആരോഗ്യകരമല്ല. നിയമത്തിന്റെ പരിരക്ഷയില്ലാത്ത ധാർമ്മികതയും ധാർമ്മികതയുടെ അടിത്തറയില്ലാത്ത നിയമങ്ങളും സമൂഹത്തിനു തെറ്റായ സന്ദേശമാണ്

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

നല്കുന്നത്. സ്വതന്ത്രലൈംഗികതയും ലൈംഗികത്തൊഴിലും മാന്യവും സ്വീകാര്യവുമാണെന്ന വാദത്തിലേക്കു നയിക്കുന്നതാണ് ഐപിസി 497 വകുപ്പ് റദ്ദാക്കിക്കൊണ്ടുള്ള കോടതിവിധി.

കോടതി പ്രതീക്ഷിക്കുംപോലെ, ഈ വിധി സ്ത്രീയുടെ അന്തസ്സുയർത്തുമോയെന്നത് സംശയാസ്പദമാണ്. യഥാർത്ഥത്തിൽ, സ്ത്രീകളും കുട്ടികളും കൂടുതൽ അരക്ഷിതമായ ഒരു സാമൂഹിക സാഹചര്യത്തിലേക്ക് തള്ളി വിടപ്പെടുകയാകും ഉണ്ടാവുക. പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള നിയമങ്ങൾ അതേപടി ഇന്ത്യയിലേക്കു പകർത്തുമ്പോൾ അവിടങ്ങളിലുള്ള സാമൂഹികസുരക്ഷാസംവിധാനങ്ങൾ ഇവിടെയില്ല എന്നതു മറക്കരുത്.

ഐപിസി 497-ാം വകുപ്പ് പൂർണമായും റദ്ദാക്കുന്നതിനു പകരം ലിംഗസമത്വത്തിനും സ്ത്രീയുടെ അന്തസ്സിനും വിരുദ്ധമായ പ്രസ്തുത വകുപ്പ് ഉചിതമായ രീതിയിൽ വ്യാഖ്യാനിച്ചോ ഭേദഗതി ചെയ്തോ ലിംഗസമത്വവും സ്ത്രീയുടെ അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിനായിരുന്നു കോടതി ശ്രമിക്കേണ്ടത്. കോടതി വിധിയുടെ വെളിച്ചത്തിൽ ദാമ്പത്യബന്ധത്തിന്റെ വിശുദ്ധിയും കുടുംബത്തിന്റെ ഭദ്രതയും കുട്ടികളുടെ സുരക്ഷിതത്വവും സാമൂഹ്യജീവിതത്തിലെ ധാർമികതയും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമാണം നടത്തുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവർ ചിന്തിക്കണം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.